സാമ്യവാക്യം
അവയില്ലാത്തവനോ കുരുടൻ
അത്രെ... മറന്നവനും തന്നെ
2 പത്രോ. 1:9

ജനുവരി 24 വെള്ളി

6

വായനാഭാഗം
മർക്കോസ് 8: 22–26

## കാഴ്ച ഏതു വിധം

### ഊരിന്റെ പുറത്ത് കൊണ്ടുപോയി. മർക്കോസ് 8: 22

മനുഷ്യസഹജമായ ഒരു സ്വഭാവമാണ് ചെയ്യുന്നതെല്ലാം ശരിയാണ് എന്നുള്ള തോന്നൽ. നമ്മുടെ പ്രവർത്തികളിലെ അപാകതകൾ നമ്മെക്കാൾ മുമ്പെ മറ്റുള്ളവരാണ് മനസ്സിലാക്കുന്നത്. അപ്രകാരം മനസ്സിലാക്കിയ ആളുകളാണ് ഈ കുരുടനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നത്. യേശു വിളിച്ചതല്ല, അവൻ ആഗ്രഹിച്ചതുമല്ല. ചുറ്റുമുള്ളവരുടെ ഉത്സാഹത്തോടെയുള്ള പ്രവർത്തി ആയിരുന്നു ഇത്. ഗലീലക്കടലിന്റെ വടക്കേയറ്റത്തുള്ള ബെത്ത്സയ്ദ എന്ന പട്ടണത്തിലാണ് ഇതു നടന്നത്. കർത്താവിന്റെ ശുശ്രൂഷ നടന്ന പട്ടണമായിരുന്നു ഇത്. എങ്കിലും ഇവിടെയുള്ള ജനം യാതൊരു മാറ്റവും വരുത്താതെ തെറ്റിൽ തന്നെ ജീവിച്ചിരുന്നതിനാലാണ് ഇവരെ നോക്കി 'ഹാ കഷ്ടം ' എന്ന് കർത്താവ് പറയുന്നത്.

ബെത്ത്സയ്ദയിലെ അവിശ്വാസികളുടെ ഇടയിൽ പ്രവർത്തിപ്പാൻ താല്പര്യമില്ലാത്ത കർത്താവ് അവനെ കൈക്കുപിടിച്ച് ഊരിന് പുറത്തുകൊണ്ടുപോകുന്നു. ആ കരം അവനെ ഊരിന് പുറത്തുപോകുവാനുള്ള ധൈര്യം നൽകി. അനുഗ്രഹം ലഭിക്കണമെങ്കിൽ, ആശ്രയിച്ച പലതിനെയും വിട്ട് പുറപ്പെടണം. പുറത്തുവന്നവന്റെ കണ്ണിൽ അഥവാ മുഖത്ത് യേശുതുപ്പി. അവന്റെ കാഴ്ചപ്പാടുകളുടെ കുഴപ്പമാണ് യേശു അപ്രകാരം ചെയ്യുവാനിടയായത്. അതായത് അവൻ മനുഷ്യരെ മരങ്ങൾ നടക്കുന്നതുപോലെയാണ് കണ്ടത്.

ചില മനുഷ്യർ കാണേണ്ടതുപോലെ ഒന്നും കാണുകയില്ല. ഒരാശാരി മരത്തെ കാണുന്നത് അതിനെ എന്തിനെല്ലാം ഉപയോഗിക്കാം, എന്ത് ലാഭം ഉണ്ടാക്കാം എന്ന ചിന്തയോടെയാണ്. ഈ സ്വഭാവ വൈകല്യമുള്ളവർ മനുഷ്യരെ കാണുന്നതും ലാഭേച്ഛയോടുമാത്രമാണ്. മറ്റൊരു കൂട്ടർ മരം വളർന്ന് പന്തലിക്കുന്നത് ഇഷ്ടപ്പെടാതെ അതിനെ മുറിച്ചുകളയുന്നു. ഇക്കൂട്ടർ മനുഷ്യരുടെ ഉയർച്ച കാണുവാനാഗ്രഹിക്കാതെ അവരെ തകർക്കുവാനാഗ്രഹിക്കുന്നു. മൂന്നാമതായി മരം വെട്ടുന്നവർ, അറക്കുന്നവർ ആരും അതിനോട് അനുവാദം വാങ്ങിക്കുകയോ വേദനയിൽ സഹതപിക്കുകയോ ചെയ്യാറില്ല. ഇതുപോലെ വാക്കിനാലും പ്രവർത്തിയാലും മറ്റുള്ളവരെ വേദനിപ്പിക്കുന്നവരാണ് ഈ വികല സ്വഭാവക്കാർ. ഈ സ്വഭാവക്കാരെ യേശു വെറുത്തിരുന്നു.

മുഖത്ത് തുപ്പിയത് അവന്റെ തെറ്റായ മനോഭാവം മാറണമെങ്കിൽ ശക്തമായ തിരിച്ചടി ലഭിക്കേണ്ടതിനാലാണ്. മുഖം തുപ്പലാൽ തൂത്ത് കഴുകി രണ്ടാമതും കൈവെച്ചപ്പോൾ മാത്രമാണ് അവന്റെ കാഴ്ച ശരിയായ രീതിയിലായത്. ഊരിലായപ്പോൾ കാഴ്ച നഷ്ടപ്പെട്ടവനോട് കർത്താവ് ഒരുകാര്യം നിർബന്ധമായി പറഞ്ഞു. 'ഇനി നീ ഊരിൽ കടക്കരുത്' പ്രിയരെ, പതിവുശീലങ്ങളെ വിട്ട് അനുഗ്രഹം പ്രാപിച്ച ശേഷം വീണ്ടും പഴയതിനെ നമ്പരുത്.

**ദൈവമേ ശാപത്തിൽ നിന്നും വിടുവിക്കേണമേ**